**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3591      15.03.2018-ലെ മറുപടിയ്ക്ക്

## അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിൽ പങ്കെടുക്കുന്നവർക്ക് സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ ഇവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ നോ കോസ്റ്റ് ബേസിസിൽ ക്ലിയർ ചെയ്യുന്ന ടീമിൽ അംഗങ്ങളായ കേരളീയ കായിക താരങ്ങൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമാവലി പ്രകാരം അംഗീകാരമുള്ള ഫെഡറേഷനെ പ്രതിനിധീകരിച്ച് അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവരുടെ അർഹമായ ചിലവിന്റെ 50% അനുവദിയ്ക്കാൻ വ്യവസ്ഥയുണ്ട്. കൂടാതെ അംഗീകൃത അന്താരാഷ്ട്ര മത്സരങ്ങളിൽ നേരിട്ട് പങ്കെടുക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷൻ മുഖേനെ താഴെപ്പറയുന്ന രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിയ്ക്കാൻ വ്യവസ്ഥയുണ്ട്.<br>1) പ്രസ്തുത കായികതാരത്തെ ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട ദേശീയ ഫെഡറേഷന്റെ കത്തും, അതോടൊപ്പം ചെലവു സംബന്ധിച്ച വ്യക്തമായ റിപ്പോർട്ടും<br>2) ഇന്ത്യൻ ടീമിന് അന്തരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നതിന് ചെലവ് ഉൾപ്പെടെയാണോ അല്ലാതെയാണോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത് എന്നുള്ള വിവരം<br>3) കായിക താരം നിലവിൽ ജോലിയുള്ള ആളാണോ വിദ്യാർത്ഥിയാണോ എന്നുള്ള വിവരം<br>കൂടാതെ അംഗീകൃത അന്താരാഷ്ട്ര മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് കിറ്റ് അലവൻസ് ഇനത്തിൽ ഇന്ത്യയ്ക്കകത്ത് 3000/-രൂപയും, ഇന്ത്യയ്ക്ക് പുറത്ത് 6000/-രൂപയും നൽകുവാനും വ്യവസ്ഥയുണ്ട്. |

**സെക്ഷൻ ഓഫീസർ**